

# പരോപകാരം

ഒരിക്കൽ ഒരിടത്ത് സുലൈമാൻ എന്നു പേരുള്ള ഒരാൾ താമസിച്ചിരുന്നു. അയാളുടെ അയൽവാസിയായിരുന്നു ദാമു. ഇരുവരും ദിവസവും വഴക്കായിരുന്നു. ഒരിക്കൽ ദാമു നടക്കുമ്പോൾ വഴിയിലെ ഒരു വലിയ കുഴിയിൽ വീണു. ദാമുവിന് ആ കുഴിയിൽ നിന്നും പുറത്തു കടക്കാൻ എത്ര ശ്രമിച്ചിട്ടും കഴിഞ്ഞില്ല. അവിടെയെങ്ങും ആരും ഉണ്ടായിരുന്നില്ല. അവൻ ഉറക്കെ കരഞ്ഞു വിളിച്ചു. ആരും വന്നില്ല. അപ്പോഴാണ് സുലൈമാൻ അതുവഴി വന്നത്. സുലൈമാൻ ദാമുവിന്റെ കരച്ചിൽ കേട്ടു.

അവൻ ഓടി ദാമുവിന്റെ അടുത്തെത്തി. ദാമു പറഞ്ഞു: ''ഞാൻ അറിഞ്ഞും അറിയാതെയും ഒരുപാട് തെറ്റുകൾ നിന്നോട് ചെയ്തിട്ടുണ്ട്. അതെല്ലാം എനിക്ക് പൊറുത്ത് തരണം, എന്നെ രക്ഷിക്കണം.'' അപ്പോൾ സുലൈമാൻ പറഞ്ഞു: ''അതു സാരമില്ല. നീ കൈ തരൂ.'' ദാമു കൈ കൊടുത്തു. സുലൈമാൻ അവനെ പിടിച്ചു കയറ്റി. ദാമു സുലൈമാനോട് നന്ദി പറഞ്ഞു. മറ്റൊരു ദിവസം സുലൈമാന്റെ മകൾ സുലൈഖ കുഴഞ്ഞു വീണു ഹോസ്പിറ്റലിലായി. അന്നേരം സുലൈമാൻ വീട്ടിലുണ്ടായിരുന്നില്ല. സുലൈമാൻ ഹോസ്പിറ്റലിൽ ഓടിയെത്തി. അപ്പോൾ അവിടെ ദാമു നിൽക്കുന്നു.

സുലൈമാന്റെ ഭാര്യപറഞ്ഞു, ദാമുവാണ് നമ്മുടെ മോളെ ഹോസ്പിറ്റലിലെത്തിച്ചത്. സുലൈമാൻ ദാമുവിനോട് പറഞ്ഞു: ''ദാമൂ, ഒരുപാട് നന്ദിയുണ്ട്.''

''നന്ദിയുടെ ആവശ്യമൊന്നുമില്ല, സുലൈമാനേ.. അവശ്യ നേരത്ത് ഉപകാരപ്പെട്ടില്ലെങ്കിൽ നമ്മൾ അയൽക്കാരാണെന്ന് പറഞ്ഞിട്ട് എന്തു കാര്യം?''

സുലൈമാൻ അത് സമ്മതിച്ച് തലയാട്ടി.

അബ്റ നസീർ



നജ പർവിൻ കെ.ടി
സി.എസ്.ഐ പ്രിപ്പേറ്ററി സ്കൂൾ

# ഉമ്മയുടെ സ്നേഹം

പണ്ട് ഒരിടത്ത് ഒരു വൃദ്ധയായ ഉമ്മയും മകനും ഉണ്ടായിരുന്നു. ഉമ്മാക്ക് ഒരു കണ്ണേ ഉണ്ടായിരുന്നുള്ളൂ. ഒറ്റക്കണ്ണി എന്ന് ചിലർ അവരെ കളിയാക്കി വിളിക്കുമായിരുന്നു.

ഒറ്റക്കണ്ണിയുടെ മോൻ എന്ന് മകനേയും വിളിക്കും. അതുകേൾക്കുമ്പോൾ മകന് ദേഷ്യം വരും. ഒറ്റിക്കണ്ണിയുടെ മകനായി ജനിച്ചതു കൊണ്ടല്ലേ തനിക്കീ പരിഹാസം കേൾക്കേണ്ടി വന്നത് എന്നവൻ ഉമ്മയോട് കയർക്കും. പാവം ഉമ്മ അവനോട് ഒന്നും തിരിച്ച് പറയാതെ മൗനിയായി നിന്ന് കരയും.

അങ്ങനെ അവൻ വളർന്നു. പഠനം കഴി



അൽത്താഫ്, ക്ലാസ്– 10
കാരുണ്യഭവൻ ഓർഫനേജ്, എടവനക്കാട്

ഞ്ഞ് ജോലി കിട്ടി. ഒരുനാൾ അസുഖം കൂടി ഉമ്മ മരണപ്പെട്ടു. ഒരു ദിവസം അവൻ ഉമ്മയുടെ മുറിയിലൂടെ നടക്കുമ്പോൾ അവനൊരു എഴുത്തു കിട്ടി. അവന്റെ ഉമ്മ എഴുതിയതായിരുന്നു അത്. ചെറുപ്പത്തിൽ കളിക്കുമ്പോൾ അബദ്ധത്തിൽ വീണ് അവന്റെ ഒരു കണ്ണിന്റെ കാഴ്ച പോവുകയും ശേഷം അവന് ഉമ്മ തന്റെ കണ്ണ് ദാനം നൽകുകയും ആയിരുന്നു. അത് വായിച്ച് അവൻ പൊട്ടിക്കരഞ്ഞു പോയി.

സാബിഖ് ജാസിം. എൻ



നേഹ എ നായർ, ക്ലാസ്- 5
പി.എസ്.വി.പി.എം. എച്ച്.എസ്.എസ്
അയ്രവൻ

## പ്രകൃതിയുടെ വേദന

ഭൂമി: ആൽമരമേ...ആൽമരമേ...
തണലേകും ആൽമരമേ....
നിന്നെ വിടർത്തിയതാരോ...
മൂളിവരുന്ന തെക്കൻ കാറ്റോ
പ്രകൃതിയാംകൊട്ടാരത്തിൽ
നിന്നെന്തേ നീയിന്നകലുന്നതെന്തേ!

ആൽമരം: ഭൂമിയേ..ഭൂലോകമേ..
ഞാൻ അകലുകയല്ല
അകറ്റുകയാണ് മനുഷ്യർ
വെട്ടി നശിപ്പിച്ചു അവരെന്നെ
പ്രകൃതി ഹൃദയമാമെന്നെ.
കാട്ടരുവികളും കാടുകളും
കേവലം പാടങ്ങളും നികത്തി
മണിമാളികകൾ കെട്ടിപ്പൊക്കി
നശിക്കുന്നൂ ഇന്നെല്ലാം...!

അനസ് മുഹമ്മദ് എ
ക്ലാസ് 7 കെ.ഐ.ടി ഇംഗ്ലീഷ് ഹൈസ്കൂൾ
കായംകുളം




## സ്നേഹത്തിന്റെ മഹത്വം

ഈലക്കം പൂമൊട്ടിൽ സ്നേഹം എന്ന വികാരത്തിന്റെ മഹത്വത്തെക്കുറിച്ചുള്ള കഥയുൾപ്പെടെ രണ്ടു കഥകളും ഒരു കവിതയും ഉൾപ്പെട്ടിരിക്കുന്നു. ഈ മൂന്ന് രചനകളും ബാല്യത്തിന്റെ നിഷ്കളങ്കതയാൽ എഴുതപ്പെട്ടതുകൊണ്ട് അവക്ക് എന്തു കുറവുണ്ടായാലും വായനക്കാർക്ക് അത് അനുഭവപ്പെടുന്നില്ല.

'പരോപകാരം' എന്ന കഥ എല്ലാവരും ശത്രുത മറന്ന് പരസ്പരം സ്നേഹിച്ചാൽ ഈ ലോകം എത്ര മനോഹരമാണെന്ന് വിളംബരം ചെയ്യുന്നു. ആപത്തു വരുമ്പോൾ മനുഷ്യർക്ക് സഹജീവികൾ തന്നെ സഹായത്തിനു വേണം. പണ്ട് പൂന്താനം പറഞ്ഞതു പോലെ:

"കൂടെയല്ല, നാം ജനിക്കുന്ന നേരത്തും
കൂടെയല്ല, മരിക്കുന്ന നേരത്തും
മദ്ധ്യേയിങ്ങനെ കാണുന്ന നേരത്ത്
മത്സരിക്കുന്നതെന്തിനു വൃഥാ-"

എന്ന സന്ദേശം ഈ കഥ നമ്മിലേക്ക് പകരുന്നു.

• സസ്നേഹം മാഷ്